24 (*24) സംസ്ഥാനത്തിന്റെ പ്രതിശീർഷ വിഹിതം

ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-97, 1997-98, 1998-99, 1999-2000 എന്നീ വർഷങ്ങളിലെ സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിയിൽ സംസ്ഥാനത്തിന്റെ പ്രതിശീർഷ വിഹിതം എത്രയാണ്;

(ബി) ഈ വർഷങ്ങളിൽ ദേശീയ ശരാശരി എത്രയാണ്.;

(സി) സംസ്ഥാനത്തിന്റെ പ്രതിശീർഷ വിഹിതം ദേശീയ ശരാശരിക്കു തുല്യമായതെങ്കിലുമാക്കുന്നതിന് ഇനിയുള്ള രണ്ട് വർഷങ്ങളിൽ പദ്ധതിയടങ്കൽ എത്ര വീതമായിരിക്കണം എന്നു കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ഡി) ഈ ലക്ഷ്യം കൈവരിക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടികളെടുക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) 1996-97-ൽ 707 രൂപയും
1997-98-ൽ 918 രൂപയും
1998-99-ൽ 997 രൂപയും
1999-2000-ൽ 1045 രൂപയും ആണ്.

(ബി)

വർഷം	മൊത്തം സംസ്ഥാനങ്ങളുടെ ശരാശരി വിഹിതം	ദേശീയ ശരാശരി (കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടേയും)
1996-97	555	1530 രൂപ
1997-98	697	1545 രൂപ
1998-99	756	1859 രൂപ
1999-2000		കണക്കുകൾ ലഭ്യമായിട്ടില്ല

(സി)&(ഡി) കണക്കാക്കിയിട്ടില്ല.

25 (*25) സംസ്ഥാനത്തിനുള്ളിലേക്ക് സ്ഫോടകവസ്തു കടത്തൽ

ശ്രീ. ടി.എസ്. ജോൺ :
ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ഡോ. കെ.സി. ജോസഫ് :
ശ്രീ. പി.സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയൽ സംസ്ഥാനങ്ങളിൽ നിന്നും വൻതോതിൽ സ്ഫോടകവസ്തുക്കൾ സംസ്ഥാനത്തേക്ക് എത്തിക്കുന്നതിനുള്ള ശ്രമം നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എവിടെയെല്ലാമാണ് ഇത്തരം സ്ഫോടക വസ്തുക്കൾ പിടികൂടിയിട്ടുള്ളത്;

(സി) ഇതിനു പിന്നിൽ പ്രവർത്തിച്ചവരെ അറസ്റ്റ് ചെയ്യുന്നതിനും ഗൂഢാലോചന വെളിയിൽ കൊണ്ടു വരുന്നതിനും സാധിച്ചിട്ടുണ്ടോ;

(ഡി) സ്ഫോടക വസ്തുക്കൾ കടത്തുന്നത് തടയുന്നതിന് എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ)&(ബി)ഒറ്റപ്പെട്ട ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊച്ചി-കുർള എക്സ്പ്രസ്സ് ട്രെയിനിൽ നിന്ന് 29.5.99-ന് കാസർഗോഡ് റെയിൽവേ സ്റ്റേഷനിൽ വച്ച് ചില സ്ഫോടക വസ്തുക്കൾ പോലീസ് പിടിച്ചെടുത്തു. ഇതേ വണ്ടിയിൽ നിന്നും ഉപേക്ഷിക്കപ്പെട്ട രീതിയിൽ പഴയങ്ങാടി പോലീസ് സ്റ്റേഷൻ അതിർത്തിയിലുള്ള ചെമ്പല്ലിക്കുന്ന് എന്ന സ്ഥലത്ത് റെയിൽവേ ട്രാക്കിൽ നിന്നും ചില സ്ഫോടക വസ്തുക്കളും കണ്ടെത്തിയിട്ടുണ്ട്.

(സി) തമിഴ്നാട് പോലീസുമായി ബന്ധപ്പെട്ട് കേരള ക്രൈം ബ്രാഞ്ച് വിഭാഗം ഊർജ്ജിതമായ അന്വേഷണം നടത്തി വരികയാണ്.

(ഡി) 1884-ലെ എക്സ്പ്ലോസീവ്സ് ആക്റ്റ്, 1983-ലെ ദി എക്സ്പ്ലോസീവ്സ് റൂൾസ്, 1908-ലെ ദി എക്സ്പ്ലോസീവ്സ് സബ്സ്റ്റൻസ് ആക്റ്റ് എന്നിവയിലെ ചട്ടങ്ങളും നിയമങ്ങളും അനുസരിച്ച് സ്ഫോടക വസ്തുക്കളുടെ കടത്ത് നിയന്ത്രിച്ചു വരുന്നു. ഇതിനും പുറമേ സ്ഫോടക വസ്തുക്കളുടെ കൈവശം വയ്ക്കലും ഗതാഗതവും പരിശോധിക്കാൻ എല്ലാ ജില്ലകളിലും ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈ.എസ്.പി.മാരുടെ നേതൃത്വത്തിൽ ഒരു സബ് ഇൻസ്പെക്ടർ 2 ഹെഡ് കോൺസ്റ്റബിൾമാർ 5 പോലീസ് കോൺസ്റ്റബിൾമാർ എന്നിവരടങ്ങുന്ന സ്പെഷ്യൽ സ്കാഡുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നുണ്ട്.

26 (*26) സംസ്ഥാന ഗവൺമെന്റിന്റെ ആരോഗ്യനയം

ശ്രീ. എ.കെ. മണി :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ വി.ജെ. പൗലോസ് :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റിന്റെ ആരോഗ്യനയം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ സാധാരണക്കാർക്ക് വിദഗ്ദ്ധ വൈദ്യസേവനം ലഭ്യമാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) സർക്കാർ മേഖലയിലെ അപര്യാപ്തത ഉപയോഗപ്പെടുത്തി വളർന്നുവരുന്ന സ്വകാര്യ മേഖലയുടെ ചൂഷണത്തിൽ നിന്നും സാമാന്യജനങ്ങൾക്ക് സംരക്ഷണം നൽകാൻ എന്തെങ്കിലും പരിപാടി ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ടോ; പുതുതായി ഏതെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly